I/66448/2023

**<u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡിഷണൽ ഡയറക്ടർ (എ &റ്റി) ന്റെ നടപടിക്രമം</u>**

വിഷയം:- ആ വ ഡ - ജീവനക്കാര്യം - ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലെ 2023 ലെ പൊതുസ്ഥലമാറ്റം - ശ്രീമതി .സിമി . ബി -ഫാർമസിസ്റ്റ് ഗ്രേഡ് I നെ ഉൾപ്പെടുത്തി ഉത്തരവാകുന്നു .

പരാമർശം:- 1 .31.05.2023 ,16.06.2023 തീയതികളിലെ ഇതേ നമ്പർ ഉത്തരവ് .
2.കത്ത് നമ്പർ എ7 -8721/23 ജി മെ ആ കോട്ടയം തീയതി :19.06.2023
3.കത്ത് നമ്പർ എ7 -9049 2023 ജി മെ ആ കോട്ടയം തീയതി :30.06 .2023

**<u>ഉത്തരവ് നമ്പർ :ആ വ ഡ/5213/2023 - ഇ ഇ 4 തീയതി</u>** : 24/7/2023

ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലെ 2023 ലെ പൊതുസ്ഥലമാറ്റം പരാമർശം 1 പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു . കോട്ടയം ജില്ലയിലെ തോട്ടക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ശ്രീമതി.രാജി റ്റി .എ ജില്ലയിൽ സീനിയർ ആയതിനാൽ പൊതുസ്ഥലമാറ്റ ഉത്തരവിൽ ഉൾപ്പെടുകയും ,തൃശ്ശൂർ ജില്ലയിലേക്ക് സ്ഥലമാറ്റം നൽകുകയും ചെയ്തിരുന്നു .എന്നാൽ പരാമർശം 2 പ്രകാരം ലഭ്യമായ ടിയാളുടെ അപ്പീൽ അപേക്ഷയിൽ ടിയാളെക്കാൾ സീനിയർ ആയ ശ്രീമതി .സിമി .ബി ,ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ ജില്ലയിൽ തുടരുകയാണെന്ന് അറിയിച്ചിരുന്നു.

കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും പരാമർശം 3 പ്രകാരം, കുമരകം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ശ്രീമതി.സിമി .ബി 04.10.2005 മുതൽ കോട്ടയം ജില്ലയിൽ തുടരുകയാണ് എന്ന് അറിയിച്ചിരിക്കുന്നു.ടിയാൾ ജില്ലയിൽ സീനിയർ ആണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുമരകം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ശ്രീമതി.സിമി .ബി (PEN 270299) യെ പൊതുസ്ഥലമാറ്റ ഉത്തരവിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലേക്കും , തോട്ടക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് I ശ്രീമതി.രാജി റ്റി .എ (PEN 270274) യെ കോട്ടയം ജില്ലയിൽ തന്നെ നിലനിർത്തി യുംഉത്തരവാകുന്നു .

മേൽഭേദഗതികളോടെ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്

Signed by Dr. Jayasree V
Date: 24-07-2023 09:14:40
Reason: Approved

അഡിഷണൽ ഡയറക്ടർ (എ &റ്റി )

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ
ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്